ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രാന്റ്

251 (3406) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവിദ്യാഭ്യാസവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിനും അവ യഥാസമയം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ സ.ഉ.(കൈ.) നമ്പർ 6/12/പദ്ധവവിവ തീയതി 11-1-2012 പ്രകാരമാണ് നൽകിവരുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) വിദ്യാഭ്യാസ ആവശ്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലെ നിരക്കിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. പോസ്റ്റ് മെട്രിക് തലത്തിലുള്ള ആവശ്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായി നൽകുന്നതിനാൽ ആയത് യഥാസമയം കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചില കേസ്സുകളിൽ ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ ആധാർ നമ്പർ, അക്കൗണ്ട് നമ്പർ, ബാങ്ക് ഐ.എഫ്.എസ്.സി. കോഡ് തുടങ്ങിയവയിലേതിലെങ്കിലും അപാകതയുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ് ഗ്രാന്റ് ലഭിക്കാൻ വൈകുന്നത്. ആയത് പരിഹരിച്ച് യഥാസമയം ആവശ്യങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ ക്ഷേമവകുപ്പ് പദ്ധതികൾ

252 (3407) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവിദ്യാഭ്യാസവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാര്യങ്ങളിൽ കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കന്യാശ്രീ മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന കോളനികൾ ഇല്ലാത്തതിനാൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിർമ്മാണ പ്രവൃത്തികൾക്കായി 4 കോടി 11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

ചാലക്കുടി പെരുമ്പാറ കാടർ കോളനിയിലെ സഹകരണ സംഘങ്ങൾ

253 (3408) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറ പെരുമ്പാറകാടർ കോളനി നിവാസികളടക്കമുള്ള നിരവധി പേർക്ക് പി.വി.ടി.ജി. പദ്ധതി പ്രകാരം അനുവദിച്ച വീടിന്റെ നിർമ്മാണം കരാറുകാർ പൂർത്തീകരിക്കാത്തതുമൂലം കോളനി നിവാസികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.വി.ടി.ജി. പദ്ധതി പ്രകാരം നടത്തുന്ന കെട്ടിട നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും, ഈ പദ്ധതിയുടെ പ്രവർത്തനത്തിലുണ്ടായതായി ആരോപിക്കപ്പെടുന്ന അഴിമതിയും കെടുകാര്യസ്ഥതയും അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.വി.ടി.ജി. പദ്ധതി പ്രകാരം ഭവന നിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് നടത്തുന്നത്. കരാറുകാരെയോ ഏജൻസികളെയോ നിർമ്മാണ പ്രവർത്തി നടത്തുന്നതിന് ഏൽപ്പിച്ചിട്ടില്ല. ഭവന നിർമ്മാണം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly